പതിമൂന്നാം കേരള നിയമസഭ

5-ാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6535</u>     <u>11.7.2012 ൽ മറുപടിക്ക്</u>

## 'ഓപ്പറേഷൻ ഗ്രാമം' എന്ന പേരിൽ വിജിലൻസ് റെയ്ഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ഷാഫി പറമ്പിൽ<br>തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 'ഓപ്പറേഷൻ ഗ്രാമം' വിജിലൻസ്റെയ്ഡുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;<br><br>(ബി)എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തുന്നതിനായാണ് ഈ റെയ്ഡുകൾ ഉപയോഗപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ? | (എ)സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലെ ക്രമക്കേടുകൾക- & (ബി) ണ്ടെത്തുന്നതിനാണ് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ ഗ്രാമം' എന്ന പേരിൽ മിന്നൽപരി- ശോധനകൾ നടത്തിയിട്ടുള്ളത്. ബിൽഡിംഗ് പെർമിറ്റുകൾ നൽകുന്നതിലേയും, പുഴ/ആറ് തുടങ്ങിയ കടവുകളിൽ നിന്നും മണൽ ലേലം ചെയ്യുന്നതിന് ലൈസൻസ് നൽകുന്നതിലെയും, വ്യാപാര സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ /വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിലെയും , നിലം നികത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മാണാനുമതി നൽകുന്നതിലെയും ക്രമക്കേടുകൾ കണ്ടെത്തുന്നതിനു വേണ്ടിയാണ് പ്രധാനമായും ഈ പരിശോധന നടത്തിയത്. |

സെക്ഷൻ ഓഫീസർ